**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5220** **23.05.2017 ൽ മറുപടിയ്ക്ക്**

## കർഷക പെൻഷൻ

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര രൂപ കർഷക പെൻഷൻ നല്കാൻ ബാക്കിയുണ്ട്; ജില്ല തിരിച്ച് ലിസ്റ്റ് നല്കുമോ; | എ) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ 2015 മാർച്ച് മുതൽ 14 മാസത്തെ കർഷക പെൻഷൻ ഇനത്തിൽ 287.249 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതിനകം 254.41 കോടി രൂപ നൽകുകയുണ്ടായി. ഇനി 331.663 കോടി രൂപ 2017 മേയ് 31 വരെ പെൻഷൻ നൽകാൻ ആവശ്യമുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| തിരുവനന്തപുരം | - | 12.419 കോടി |
| കൊല്ലം | - | 25.09 കോടി |
| ആലപ്പുഴ | - | 23.683 കോടി |
| പത്തനംതിട്ട | - | 18.651 കോടി |
| എറണാകുളം | - | 24.52 കോടി |
| ഇടുക്കി | - | 13.32 കോടി |
| കോട്ടയം | - | 30.8 കോടി |
| തൃശ്ശൂർ | - | 32.165 കോടി |
| പാലക്കാട് | - | 25.599 കോടി |
| മലപ്പുറം | - | 26.585 കോടി |
| കോഴിക്കോട് | - | 42.06 കോടി |
| കണ്ണൂർ | - | 30.655 കോടി |
| വയനാട് | - | 14.4 കോടി |
| കാസർഗോഡ് | - | 11.716 കോടി |
| ആകെ | - | 331.663 കോടി രൂപ. |

| | |
|---|---|
| ബി) 2016 മെയ് 31 വരെ കർഷക പെൻഷൻ കുടിശ്ശിക എത്രയെന്ന് വിശദമാക്കുമോ; | ബി) 2016 മേയ് 31 വരെ കർഷക പെൻഷൻ ഇനത്തിൽ 287.249 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു. |
| സി) കർഷക പെൻഷനുമായി ബന്ധപ്പെട്ട് ഈ സർക്കാർ നല്കിയ ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും പകർപ്പ് ലഭ്യമാക്കുമോ? | സി) കർഷക പെൻഷനുമായി ബന്ധപ്പെട്ട് ഈ സർക്കാർ നൽകിയ ഉത്തരവിന്റെയും മാർഗ്ഗ നിർദ്ദേശത്തിന്റെയും പകർപ്പുകൾ യഥാക്രമം അനുബന്ധം I ഉം II ഉം ആയി കൊടുത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് – ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതി - പ്രതിമാസ പെൻഷൻ -1000 രൂപയായി പുതുക്കി നിശ്ചയിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ(എം.എസ്) നമ്പർ. 133/16/കൃഷി തീയതി, തിരുവനന്തപുരം 26.09.2016

==========================================================

പരാമർശം:- 1)25.06.2014 ലെ ജി.ഒ(എം.എസ്) 147/14/കൃഷി

2) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 06.09.2016-ലെ ടി.എസ്(1)/10032/2012 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം കർഷ ക്ഷേമവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി 60 വയസ്സ് തികഞ്ഞ 2 ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകർക്ക് പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 01.04.2014 മുതൽ പ്രാബല്യത്തിൽ പ്രതിമാസം 600 രൂപ പെൻഷൻ നിശ്ചയിച്ച് ഉത്തരവായിരുന്നു. പരാമർശം രണ്ട് പ്രകാരം സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകർക്കുള്ള നിലവിലെ പ്രതിമാസ പെൻഷൻ തുക 600 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിക്കണമെന്ന് കൃഷി ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ചെറുകിട നാമമാത്ര കർഷകർക്കുള്ള പ്രതിമാസ പെൻഷൻ 01.06.2016 പ്രാബല്യത്തിൽ 1000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സുരേഷ് കുമാർ .വി.എസ്

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം.

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

ധനകാര്യ (അഗ്രി ബി) വകുപ്പ് (അഗ്രി ബി1/173/16/ധന പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)

കരുതൽ ഫയൽ /. ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം II

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ് — ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ(എം.എസ്)നമ്പർ.28 /17/കൃഷി തീയതി, തിരുവനന്തപുരം,03/03/2017

പരാമർശം:- 1) 31.01.2009 ലെ സ.ഉ (പി).22/2009/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
2) 16.08.2011 ലെ സ.ഉ (എം.എസ്).197/2011/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
3) 13.02.2012 ലെ സ.ഉ (എം.എസ്).26/2012/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
4) 25.06.2014 ലെ സ.ഉ (എം.എസ്).147/2014/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
5) 26.09.2016 ലെ സ.ഉ (എം.എസ്).133/2016/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
6) കൃഷി വകുപ്പ് ഡയറക്ടറുടെ 05/10/2016-ലെ റ്റി,എസ്(1)10032/12 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെയും കർഷക ക്ഷേമം ഉറപ്പാക്കുന്നതിന്റെയും ഭാഗമായി 60 വയസ്സ് പൂർത്തിയായ നെൽ കർഷകർക്ക് ആശ്വാസമായി പ്രതിമാസം 300/- രൂപ നിരക്കിൽ 'കിസാൻ അഭിമാൻ' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതിയ്ക്ക് 2008-09 കാലഘട്ടത്തിൽ രൂപം നൽകി പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.തുടർന്ന് 2011ൽ ടി പെൻഷൻ പദ്ധതി പുനരവലോകനം ചെയ്യുകയും ഒരു ഹെക്ടറോ, അതിന് താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ അനുവദിയ്ക്കുവാൻ പരാമർശം രണ്ട് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ളവരെ ചെറുകിട നാമമാത്രകർഷകരായി കണക്കാക്കുകയും പെൻഷൻ തുക 400/-രൂപയായി വർദ്ധിപ്പിക്കുകയുമുണ്ടായി. പരാമർശം നാല് ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ച 600/- രൂപയിൽനിന്നും പരാമർശം അഞ്ച് ഉത്തരവ് പ്രകാരം ടി പെൻഷൻ തുക 01/06/2016 പ്രാബല്യത്തിൽ 1000 രൂപയായി വർദ്ധിപ്പിച്ചും സർക്കാർ ഉത്തരവായിരുന്നു.

2. കർഷക പെൻഷൻ വാങ്ങുന്നവരിലെ അനർഹരെ ഒഴിവാക്കി അർഹരായവർക്ക് മാത്രം കർഷക പെൻഷൻ നൽകുന്നതിന് പരാമർശം ആറ് പ്രകാരം കൃഷി ഡയറക്ടർ സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ഉത്തരവിലെ ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള

മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു :-

1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ സ്ഥലം വരെ കൃഷിഭൂമിയുള്ളവരുമായ "കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകന്" ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.
2. തെരെഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കും.
3. കർഷകന്റെ വാർഷിക വരുമാനം ഒന്നരലക്ഷം രൂപയിൽ താഴെയായിരിക്കണം.
4. സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റു വിഭാഗങ്ങൾ എന്നിവർക്ക് കർഷകപെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല
5. കഴിഞ്ഞ പത്ത് കൊല്ലമായി കാർഷിക മേഖലയിൽ അതാത് പഞ്ചായത്തുകളിൽ കൃഷി ചെയ്ത് ജീവിച്ചു വരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.
6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.
7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തെയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതുമാണ്.
8. ഒരു കുടുംബത്തിൽ ഭാര്യക്കോ / ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷക പെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റു വരുമാനങ്ങളില്ലാത്ത പക്ഷം ജീവിത പങ്കാളിയ്ക്ക് പെൻഷൻ നൽകാവുന്നതാണ്.
9. മേൽ നിർദ്ദേശങ്ങൾ നിലവിൽ കർഷക പെൻഷൻ വാങ്ങുന്നവർക്കും ബാധകമായിരിക്കും.
10. മറ്റേതെങ്കിലും പെൻഷനുകളുള്ള പക്ഷം ഒരു പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
11. നിലവിലുള്ള ലിസ്റ്റിൽ നിന്ന് ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടതാണ്.

12. പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് നിലവിലുള്ളസംവിധാനം ഉപയോഗിച്ചു കൊണ്ടു തന്നെ കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.രാജു നാരായണസ്വാമി**

**കാർഷികോത്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ധനകാര്യ(അഗ്രി ബി)വകുപ്പ്(അഗ്രി-ബി1/169/2016-ധന തീയതി 21.02.2017 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

***പകർപ്പ്*** : ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ് –ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ- യ്ക്ക്
പൊതുഭരണ (എസ്.സി)വകുപ്പ്(ഇനം നമ്പർ.767)
അഡീഷണൽ സെക്രട്ടറിയുടെ സി.എ- യ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറി.

സെക്ഷൻ ഓഫീസർ